ധന്വന്തരി കേന്ദ്രങ്ങൾ

73 [81] ശ്രീ. എം.കെ. കേശവൻ:
,, കെ.ഇ. ഇസ്മയിൽ:
,, കെ.ആർ. ചന്ദ്രമോഹനൻ:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ പട്ടികജാതി—പട്ടികവർഗ്ഗങ്ങൾക്കായി എത്ര ധന്വന്തരി കേന്ദ്രങ്ങൾ ആരംഭിച്ചു;

(ബി) എവിടെയെങ്കിലും ഈ പദ്ധതിയുടെ ഫലമായി പട്ടികജാതി—പട്ടികവർഗ്ഗങ്ങൾക്കു ജോലി നൽകികഴിഞ്ഞോ;

(സി) പട്ടികജാതി—പട്ടികവർഗ്ഗങ്ങൾക്കായി ഹരിശ്രീ ബാങ്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ബാങ്കുകൾ ആരംഭിച്ചുവെന്നും എത്രയെണ്ണം വിതരണം ചെയ്തു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം കോട്ടയം എന്നീ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കായി ഓരോ ധന്വന്തരി കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

ടൂറിസ്റ്റ് കേന്ദ്രങ്ങൾ

74 [82] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) മലപ്പുറം ജില്ലയിലെ മമ്പുറം ഒരു ടൂറിസ്റ്റു കേന്ദ്രമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനം എത്രത്തോളമായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മമ്പുറമുൾപ്പെടെയുള്ള തീർത്ഥാടന കേന്ദ്രങ്ങളുടെ വികസനത്തിനായി 100 രൂപയുടെ 'ടോക്കൺ പ്രൊവിഷൻ' 1986–87–ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. മറ്റു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly